(ഡി) സംസ്ഥാന തലത്തിലും നഗരതലത്തിലും മിഷൻ മാനേജ്മെന്റ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. താൽപ്പര്യം പ്രകടിപ്പിച്ച നഗരസഭകൾക്ക് സാമൂഹ്യ പാർപ്പിടങ്ങൾ പണിയുന്നതിനുള്ള പദ്ധതികൾക്ക് അംഗീകാരം നൽകി ഒന്നാംഗഡു നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ മറ്റെല്ലാ ഘടകങ്ങളുടെയും പ്രവർത്തനം അതിവേഗം പുരോഗമിച്ചുവരുന്നു.

നഗരസഭാ ജീവനക്കാർക്ക് പി.എഫ്. ക്രെഡിറ്റ് കാർഡ്

108 (4143) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭാ ജീവനക്കാർക്ക് പി.എഫ്. ക്രെഡിറ്റ് കാർഡ് (Municipal Common Service) നൽകിയതിന്റെ വിശദാംശങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി തിരിച്ച് നൽകുമോ ;

(ബി) പി.എഫ്. ക്രെഡിറ്റ് കാർഡ് നൽകുന്നതിനും പി.എഫ്. ഇക എൻട്രി വരുത്തുന്നതിനും IKM (Information Kerala Mission) പുതിയ സോഫ്റ്റ് വെയർ ഡെവലപ്പ് ചെയ്തിട്ടുണ്ടോ ; ഇതിനു വരുന്ന കാലതാമസം വ്യക്തമാക്കാമോ ; ഇതിന്റെ പൂർത്തീകരണം എന്ന് നടക്കുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ നഗരസഭകളിലെ റഗുലർ വിഭാഗം ജീവനക്കാർക്ക് ക്രെഡിറ്റ് കാർഡ് വിതരണം നടത്തിയിട്ടില്ല. 28 നഗരസഭകളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് വിവിധ വർഷങ്ങളിലായി ക്രെഡിറ്റ്കാർഡ് നൽകിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) വിശദവിവരം IKM-ൽ നിന്ന് ശേഖരിച്ചു നൽകുന്നതാണ്.

നഗരങ്ങളെ മാലിന്യമുക്തമാക്കുന്നതിനുള്ള കർമ്മപദ്ധതികൾ

109 (4144) ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly